(സി) ഓരോ വർഷവും ലക്ഷ്യമിട്ടിരുന്ന ഗുണഭോക്താക്കളുടെ എണ്ണം താഴെ കൊടുക്കുന്നു. എന്നാൽ സാമ്പത്തിക ലക്ഷ്യത്തെക്കുറിച്ച് കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളിൽ പ്രത്യേകം പരാമർശിച്ചിട്ടില്ലാത്തതിനാൽ പ്രോജക്ടുകളുടെ സാമ്പത്തിക ലക്ഷ്യത്തെക്കുറിച്ച് പ്രത്യേകം സൂചിപ്പിക്കാറില്ല.

	വർഷം		ഗുണഭോക്താക്കളുടെ എണ്ണം
(1)	1993-94	..	2755
(2)	1994-95	..	15000
(3)	1995-96	..	16000
(4)	1996-97	..	15000
(5)	1997-98	..	16000
(6)	1998-99	..	20000
(7)	1999-00	..	24000
(8)	2000-01	..	23700
(9)	2001-02	..	22000
(10)	2002-03	..	19250
(11)	2003-04	..	20350

(ഡി) ഉണ്ട്. വനിതകൾക്ക് പ്രത്യേക ആനുകൂല്യമായി ഉയർന്ന പ്രായ പരിധിയിൽ അഞ്ച് വർഷത്തെ ഇളവ് ഈ പദ്ധതിയിൽ അനുവദിക്കുന്നു. കൂടാതെ വനിതാ സംരംഭകർക്ക് മുൻഗണന നൽകണമെന്നും കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ഇ)

	വർഷം		വനിതാ ഉപഭോക്താക്കളുടെ എണ്ണം
(1)	1993-94	..	184
(2)	1994-95	..	1216
(3)	1995-96	..	1603
(4)	1996-97	..	1228
(5)	1997-98	..	1858
(6)	1998-99	..	1345
(7)	1999-00	..	1867
(8)	2000-01	..	1584
(9)	2001-02	..	1927
(10)	2002-03	..	2408

കാസർഗോഡ് ജില്ലയിൽ പി. എം. ആർ. വൈ പ്രകാരമുള്ള സ്വയം തൊഴിൽ വായ്പ ലഭ്യമാക്കാൻ നടപടി

61 [1200] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പി. എം. ആർ. വൈ സ്വയം തൊഴിൽ പദ്ധതി പ്രകാരം 2003-ൽ എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകരിൽ എത്ര പേരെ ഇന്റർവ്യൂവിന് ക്ഷണിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്രപേരുടെ അപേക്ഷ പരിഗണിച്ചുവെന്നും ഏതെല്ലാം ബാങ്കുകളിലേക്ക് എത്ര വീതം അപേക്ഷകൾ അയച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകരിൽ പലർക്കും ബാങ്ക് വായ്പ അനുവദിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ അപേക്ഷകർക്കും വായ്പ ലഭ്യമാക്കുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കുമോ?

ഉത്തരം

(എ) 2003-ൽ കാസർഗോഡ് ജില്ലയിൽ പി. എം. ആർ. വൈ. പദ്ധതി പ്രകാരം 1269 അപേക്ഷകൾ ലഭിച്ചിരുന്നു.

(ബി) 1269 പേരേയും ഇന്റർവ്യൂവിന് ക്ഷണിച്ചിരുന്നു.

(സി) 1110 പേരുടെ അപേക്ഷ പരിഗണിച്ച് വിവിധ ബാങ്കുകളിലേക്ക് അയച്ചിട്ടുണ്ട്. ബാങ്ക് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

സിൻഡിക്കേറ്റ് ബാങ്ക്	..	251
കനറാ ബാങ്ക്	..	140
വിജയാ ബാങ്ക്	..	151
ബാങ്ക് ഓഫ് ഇന്ത്യ	..	10
കോർപ്പറേഷൻ ബാങ്ക്	..	38
ഇന്ത്യൻ ബാങ്ക്	..	12
എസ്. ബി. ഐ.	..	116
എസ്. ബി. റ്റി	..	124
ഫെഡറൽ ബാങ്ക്	..	54
ഇന്ത്യൻ ഓവർസീസ് ബേങ്ക്	..	51
ബാങ്ക് ഓഫ് ബറോഡ	..	22
കർണ്ണാടക ബാങ്ക്	..	32
സൗത്ത് ഇന്ത്യൻ ബാങ്ക്	..	9
ലോഡ് കൃഷ്ണാ ബാങ്ക്	..	3
കാത്തലിക് സിറിയൻ ബാങ്ക്	..	14
നെടുങ്ങാടി ബാങ്ക്	..	4
യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ	..	9
സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ	..	11
സെൻട്രൽ ബാങ്ക്	..	11
ആന്ധ്ര ബാങ്ക്	..	7
ധനലക്ഷ്മി ബാങ്ക്	..	11

(ഡി) പദ്ധതികളുടെ പ്രായോഗിക തലത്തിലുള്ള വിജയ സാദ്ധ്യതയെപ്പറ്റി വിലയിരുത്തി തീരുമാനമെടുക്കാൻ ബാങ്കിന് വിവേചനാധികാരമുണ്ട്. തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ അപേക്ഷകർക്കും വായ്പ ലഭ്യമാകണം എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് പല കാര്യങ്ങളും ചെയ്യുന്നുണ്ട്. ഇതിന്റെ ഫലമായി ബാങ്കുകൾ തിരിച്ചയക്കുന്ന അപേക്ഷയുടെ എണ്ണത്തിൽ കുറവ് വന്നുതുടങ്ങിയിട്ടുണ്ട്. ബന്ധപ്പെട്ട ബാങ്ക് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ ജില്ലകളിലും വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഈവക പ്രശ്നങ്ങൾ സംസ്ഥാന ജില്ലാ തല ബാങ്കേഴ്സ് സമിതികളിൽ ഉന്നയിച്ച് പ്രശ്ന പരിഹാരത്തിന് ശ്രമിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly